<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2029**</u> <u>**14-10-2024 - ൽ മറുപടിയ്ക്ക്**</u>

<u>**'ദി ഹിന്ദു' അഭിമുഖത്തിൽ പി.ആർ. ഏജൻസിയുടെ പങ്ക്**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2024 സെപ്റ്റംബർ 29ന് മുഖ്യമന്ത്രി 'ദി ഹിന്ദു' ദിനപത്രത്തിന് അഭിമുഖം നൽകിയപ്പോൾ അദ്ദേഹത്തോടൊപ്പം ഏതെങ്കിലും പി.ആർ. ഏജൻസിയുടെ പ്രതിനിധികൾ ഉണ്ടായിരുന്നോ; എങ്കിൽ ഏത് പി.ആർ. ഏജൻസിയുടെ പ്രതിനിധികളാണ് ഉണ്ടായിരുന്നതെന്നും എന്തു ചുമതലയാണ് പ്രസ്തുത പി.ആർ. ഏജൻസിക്ക് ഏൽപ്പിച്ചു നൽകിയിരുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യ പുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.<br><br>മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയുടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല.<br>ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജനങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി.ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല.<br><br>'ദി ഹിന്ദു' പത്രത്തിന്റെ പ്രതിനിധിക്കാണ് അഭിമുഖം നൽകിയത്. അഭിമുഖം നടത്തുന്നതിന് ഒരു പി.ആർ ഏജൻസിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല. |
| (ബി) | പി.ആർ.ഡി.യെ ഒഴിവാക്കി പി. ആർ. ഏജൻസികൾ മുഖേന മുഖ്യമന്ത്രിയുടെ അഭിമുഖങ്ങൾ നൽകാനുള്ള കാരണം വ്യക്തമാക്കുമോ; ഇത്തരം ഏജൻസികൾക്ക് ഏത് ഫണ്ടിൽ നിന്നാണ് പ്രതിഫലം നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ജനങ്ങളുടെ ജീവിത നിലവാരത്തിലും സാമൂഹ്യ പുരോഗതിയിലും രാജ്യത്ത് ഏറ്റവും മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. 2016-21 കാലയളവിലും നിലവിലെ സർക്കാരിന്റെ കാലയളവിലും കേന്ദ്ര സർക്കാരും വ്യത്യസ്ത ഏജൻസികളും സംസ്ഥാനത്തിന് വിവിധ മേഖലകളിൽ നൽകിയ അംഗീകാരങ്ങൾ അനേകമാണ്. വികസന-ക്ഷേമരംഗങ്ങളിലെ സർക്കാരിന്റെ മികച്ച പ്രവർത്തന ഫലമായി ലഭിച്ച ഇത്തരം അംഗീകാരങ്ങൾ കേരളത്തിന്റെ മികവ് ലോകത്തിനു മുന്നിൽ തെളിയിക്കാൻ പര്യാപ്തവുമാണ്.<br><br>മതനിരപേക്ഷതയും സമാധാനവും പുലരുന്ന നാട് എന്ന നിലയ്ക്ക് കേരളം വർഗീയശക്തികളുടെ എക്കാലത്തെയും ആ ക്രമണലക്ഷ്യമാണ്. അത്തരം ആക്രമണങ്ങളെ നമ്മുടെ നവോത്ഥാന പാരമ്പര്യത്തെ ചൂണ്ടിക്കാട്ടിയും മതനിരപേക്ഷതയു ടെ കൊടി ഉയർത്തിപ്പിടിച്ചുമാണ് നാട് നേരിടുന്നത്. ഇങ്ങനെ നേരിടാനും നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കാനും ഒരു പി. ആർ ഏജൻസിയുടെയും സഹായം ഒരിക്കലും വേണ്ടി വന്നിട്ടില്ല.<br>ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും അതിന്റെ നേതൃത്വത്തിന്റെയും പ്രചാരണം ജനങ്ങൾ സ്വയമേവ ഏറ്റെടുക്കുകയാണ് ഉണ്ടായത്. കേരളത്തിനെതിരായ കുപ്രചാരണങ്ങൾക്കെതിരെ രാജ്യവ്യാപകമായി മതനിരപേക്ഷ പുരോഗമനശക്തികൾ അണിനിരക്കുന്ന അനുഭവമാണ് ഉള്ളത്. പ്രവർത്തന മികവിന് ഏറ്റവും ഉയർന്ന അംഗീകാരമാണ് ജന ങ്ങൾ സർക്കാരിന് നൽകിയിട്ടുള്ളത്. ജനങ്ങളാകെ അംഗീകരിച്ച ഈ നയം തുടരുകതന്നെ ചെയ്യും. സർക്കാരിന്റെ വികസനവും ക്ഷേമവും സംബന്ധിച്ച വാർത്തകളും വിവരങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വ കുപ്പിനുള്ളത്. ഏതെങ്കിലും ഒരു പി.ആർ ഏജൻസിയെ അതിനായി ചുമതലപ്പെടുത്തിയിട്ടില്ല.<br><br>'ദി ഹിന്ദു' പത്രത്തിന്റെ പ്രതിനിധിക്കാണ് അഭിമുഖം നൽകിയത്. അഭിമുഖം നടത്തുന്നതിന് ഒരു പി.ആർ ഏജൻസിയെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല. |
| (സി) | മുഖ്യമന്ത്രിയുടെ അഭിമുഖത്തിൽ മലപ്പുറം ജില്ലയെ സംബന്ധിച്ച പരാമർശങ്ങൾ കൂട്ടിച്ചേർക്കുവാൻ പ്രസ്തുത പി. ആർ. ഏജൻസി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആയത് പ്രസിദ്ധീകരിച്ചതെന്ന് ഹിന്ദു ദിനപത്രം വെളിപ്പെടുത്തിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിൽ അത്തരമൊരു പരാമർശം നടത്തിയിട്ടില്ല. പരാമർശം നടത്തിയില്ലെന്ന കാര്യം വ്യക്തമാക്കി 'ദി ഹിന്ദു' തങ്ങൾ നൽകിയ വാർത്തയ്ക്ക് തിരുത്ത് നൽകുകയും ഖേദം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ